"ഭരണഭാഷ – മാതൃഭാഷ"
**കേരളസംസ്ഥാനം**
**വ്യാവസായിക പരിശീലന വകുപ്പ്**
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
PMG, വികാസ് ഭവൻ.പി. ഒ, തിരുവനന്തപുരം - 33
e-Mail:- cru.dttvpm@kerala.gov.in, Phone :- 0471-2303856

---

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
**(നിലവിൽ: ഷമ്മി ബേക്കർ.എ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലെ 2025 വർഷത്തെ പൊതു സ്ഥലമാറ്റം - അപാകത തിരുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:-
1. ജോയിന്റ് ഡയറക്ടറുടെ 31-08-2025 ലെ DT/2581/2025-A2 നമ്പർ ഉത്തരവ്
2. ജോയിന്റ് ഡയറക്ടറുടെ 25-08-2025 ലെ DT/5055/2024-A2 നമ്പർ ഉത്തരവ്
3. ജോയിന്റ് ഡയറക്ടറുടെ 14-07-2025 ലെ DT/132/2025-A2 നമ്പർ ഉത്തരവ്
4. കൊട്ടാരക്കര ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 01.09.2025-ലെ കത്ത്

**ഉത്തരവ് നമ്പർ: DT/2581/2025-A2 തീയതി: 11-09-2025**

വ്യാവസായിക പരിശീലന വകുപ്പിലെ സീനിയർ/ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളിലെ ജീവനക്കാരുടെ 2025 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ മയ്യനാട് ഐ.ടി.ഐ-യിലെ ഇലക്ട്രീഷ്യൻ ട്രേഡിലെ ശ്രീ. ബിജു.എസ്-നെ, കൊട്ടാരക്കര ഐ.ടി.ഐ-യിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടെന്നും എന്നാൽ ടി സ്ഥാപനത്തിൽ നിലവിലുള്ള രണ്ട് ഇൻസ്ട്രക്ടർമാരിൽ ആരെയും സ്ഥലം മാറ്റിയിട്ടില്ലെന്നും, ശ്രീ. ബിജു.എസ്, ടി സ്ഥാപനത്തിൽ പ്രവേശനത്തിനായി ഹാജരാകുമ്പോൾ പരാമർശം (2) പ്രകാരം നിയമിതനായ ജീവനക്കാരൻ ഏത് സ്ഥാപനത്തിൽ സേവനത്തിൽ തുടരണം എന്നതിൽ നിർദ്ദേശത്തിനായി പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ടി സാഹചര്യത്തിൽ പൊതു സ്ഥലംമാറ്റ ഉത്തരവുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിച്ചതിൽ, പരാമർശം (2) & (3) പ്രകാരം വർക്ക് ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്ന് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ സ്ഥലംമാറ്റ

ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ ആവശ്യമെങ്കിൽ ടി നിയമനം പുനഃക്രമീകരിക്കുമെന്ന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ആയതിൽ പിഴവ് സംഭവിച്ചതിനാലാണ് ടി അപാകത സംഭവിച്ചത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ചുവടെ ചേർക്കുന്ന ജീവനക്കാരെ തുറന്ന ഒഴിവുള്ള മറ്റൊരു ഐ.ടി.ഐ-ലേക്ക് സ്ഥലംമാറ്റി നിയമിക്കേണ്ടതുണ്ട്.

| **ക്രമ നം** | **ജീവനക്കാരന്റെ പേര് വിവരം** | **നിലവിൽ സേവനം അനുഷ്ഠിക്കുന്ന സ്ഥാപനം** | **സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം** |
|---|---|---|---|
| 1 | ഫൈസൽ.വൈ, ജൂനിയർ ഇൻസ്ട്രക്ടർ (ഇലക്ട്രീഷ്യൻ) | ഗവ.ഐ.ടി.ഐ കൊട്ടാരക്കര | ഗവ.ഐ.ടി.ഐ മയ്യനാട് |
| 2 | സുമൻ.ടി.എസ്, ജൂനിയർ ഇൻസ്ട്രക്ടർ (ഫിറ്റർ) | ഗവ.ഐ.ടി.ഐ ചാക്ക | ഗവ.ഐ.ടി.ഐ ആറ്റിങ്ങൽ |
| 3 | അജീഷ് കുമാർ.കെ.പി, ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) | ഗവ.ഐ.ടി.ഐ ചാലക്കുടി | ഗവ.ഐ.ടി.ഐ സീതാംഗോളി |

ടി ജൂനിയർ ഇൻസ്ട്രക്ടർമാരെ മേൽപ്രകാരമുള്ള ഐ.ടി.ഐ-കളിലേക്ക് സ്ഥലംമാറ്റി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (1) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ഷമ്മി ബേക്കർ.എ**
**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

Signed by
Shammi Baker A
Date: 11-09-2025 14:17:57

സ്വീകർത്താവ് : - ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :- എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ് സൈറ്റ് മുഖേനെ)